**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുന്നംകുളം നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.രാജു.സി.ടി - സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 2573/2019/തസ്വഭവ തിരുവനന്തപുരം, തീയതി : 14/11/2019

പരാമർശം :- കുന്നംകുളം നഗരസഭാ ചെയർപേഴ്സണന്റെ 12/11/2019 തീയതിയിലെ കത്ത്.

**ഉത്തരവ്**

കുന്നംകുളം നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.രാജു.സി.ടി, നഗരസഭയുടെ കാമ്പയിനുകളെയും മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളെയും പരിഹസിക്കുന്ന രീതിയിൽ നവ മാധ്യമങ്ങളിൽ നിരന്തരം പ്രചരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

2) മേൽ സാഹചര്യത്തിൽ, കുന്നംകുളം നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.രാജു.സി.ടി യെ KCS&CCA Rule 10(1)(a), 1960 പ്രകാരം അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും ഉടൻ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു.

3) സസ്പെൻഷൻ കാലയളവിൽ ടിയാന് കെ.എസ്.ആർ ഭാഗം I, റൂൾ 55 പ്രകാരം ഉപജീവനബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

രമണി മാത്യു

അഡീഷണൽ സെക്രട്ടറി

ശ്രീ.രാജു.സി.ടി, ഓഫീസ് അറ്റൻഡന്റ്, കുന്നംകുള നഗരസഭ

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ